# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1460.** **13.06.2014-ലെ മറുപടിക്ക്**

## കാർഷികോല്പന്നങ്ങൾക്ക് വിദേശവിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി ഗീതാഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| **(എ)** ഇൻഡ്യയിൽ നിന്നുള്ള പഴം-പച്ചക്കറി കയറ്റുമതിക്ക് യൂറോപ്യൻ യൂണിയൻ നിരോധനം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പഴം-പച്ചക്കറികൾക്ക് യൂറോപ്യൻ യൂണിയനിൽപ്പെട്ട രാജ്യങ്ങൾ വിലക്കേർപ്പെടുത്തി. 2015 ഡിസംബർ വരെയാണ് ഈ നിരോധനം. ഇത് കേരളത്തിലുള്ള കർഷകരേയും കയറ്റുമതിക്കാരേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.<br><br>ഈ പ്രതിസന്ധി മറികടക്കുവാൻ യൂറോപ്യൻ യുണിയനിൽപ്പെട്ട രാജ്യ ങ്ങളിലേക്കുള്ള കയറ്റുമതിക്ക് കേന്ദ്ര സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇതിൻ പ്രകാരം 2014 ഏപ്രിൽ 1 മുതൽ യുറോപ്യൻ യൂണിയ നിലേക്കുള്ള എല്ലാ പഴം-പച്ചക്കറി കയറ്റുമതിയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ളതും പഴം പച്ചക്കറി ഉൾപ്പടെയുള്ള ഭക്ഷ്യ വസ്തു ക്കളുടെ കയറ്റുമതി പ്രോത്സാഹി പ്പിക്കുന്നതിനുള്ള സ്ഥാപനവുമായ അപ്പേഡ (Agricultural and Processed Food Products Export Development Authority) അംഗീകരിച്ച പാക്കിംഗ് സെന്ററുകൾ മുഖാന്തിരം വേണമെന്ന് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുകയുണ്ടായി. |

(.........2)

| | |
|---|---|
| **(ബി)** കേരളത്തിൽ നിന്നുള്ള കാർഷികോല്പന്നങ്ങൾക്ക് വിദേശ വിപണി നേടികൊടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | **(ബി)** കേരളത്തിൽ നിന്നുള്ള കാർഷികോല്പന്നങ്ങൾക്ക് വിദേശത്ത് ഖ്യാതിയും, വിപണിയും നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ഗ്ലോബൽ അഗ്രി മീറ്റ് കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിനായി "മേഡ് ഇൻ കേരള - സേഫ് റ്റു ഈറ്റ്" എന്ന പദ്ധതിയും നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. |

അണ്ടർ സെക്രട്ടറി.